(ബി) ഓരോ മന്ത്രിമാരുടെയും യാത്ര സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവർ സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാമാണെന്നും യാത്രയുടെ ഉദ്ദേശം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) വിദേശയാത്ര ഇനത്തിൽ 2014 വർഷം ഓരോ മന്ത്രിമാരും ചെലവഴിച്ച തുക എത്രയാണ്, വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 2014 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ മന്ത്രിമാർ നടത്തിയിട്ടുള്ള വിദേശയാത്രകളുടെ ലഭ്യമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* അന്തിമ മറുപടി ശേഖരിച്ച് നൽകുന്നതാണ്.

**മന്ത്രിമാർക്കുവേണ്ടി ചെലവഴിച്ച തുക**

27(31) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ് എന്നിവയ്ക്കായി ചെലവഴിക്കപ്പെട്ട തുക എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ ടി. എ., ഡി. എ. ഇനങ്ങളിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അതിഥി സൽക്കാരത്തിനായി ഇവരോരോരുത്തരും ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly